1/5147730/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

**സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കുന്ന പദ്ധതിയ്ക്ക് 2021 -2022 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനാവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt)No.14/2022/SJD തീയതി,തിരുവനന്തപുരം, 21/01/2022

---

പരാമർശം:-

1. സ ഉ (സാധാ) നം 658/2018/ സാനീവ തീയതി 15/11/2018
2. സ ഉ (സാധാ) നം 93/2021 /സാനീവ തീയതി 02/02/ 2021
3. സാമൂഹ്യനീതി ഡയറക്ടറുടെ 05/02/2021 തീയതിയിലെ SJD/584/2020/C2 നം നടപടിക്രമം
4. 28/9/2021 ൽ സാമൂഹ്യനീതി ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ ഫൈനൽ സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റിയുടെ മിനിട്ട്സ്
5. 29/11/ 2021 തീയതിയിലെ സാമൂഹ്യനീതി ഡയറക്ടറുടെ SJD/584/2020/C2 നം പ്രൊപോസൽ
6. 09/12/2021 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക ഉന്നമനത്തിനും ക്ഷേമത്തിനും , സാധ്യമാകുന്ന തരത്തിലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാവികസന കോർപ്പറേഷൻ മുഖേനെ വയ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ടി പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 30,00,000 രൂപ 2235-60-200-64 (പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നെന്നും ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നെന്നും ടി ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ഫൈനൽ സ്ക്രൂട്ടനിസിംഗ് കമ്മിറ്റി രൂപീകരിച്ചെന്നും വനിതാ വികസ കോർപറേഷൻ മുഖേനെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിക്കുകയും ലഭ്യമായ 74 അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർ അധ്യക്ഷനായുള്ള കമ്മിറ്റി പരിശോധിച്ച് വിലയിരുത്തുകയും തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകൾ ഫൈനൽ സ്ക്രൂട്ടിനൈസിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22 അപേക്ഷകൾ (19 വ്യക്തികൾ , 3 ഗ്രൂപ്പുകൾ)

തിരഞ്ഞെടുക്കയും വായ്പ അനുവദിക്കുകയും ചെയ്യതെന്നും ടി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഫൈനൽ സ്ക്രൂട്ടനിസിംഗ് കമ്മിറ്റി 28.09.2021 ന സാമൂഹ്യനീതി ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടുകയും വിതരണം ചെയ്യാത്ത ബാക്കി തുക കൂടി ഉൾപ്പെടുത്തി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ വയ്പ് വിതരണം നടത്തുന്ന പദ്ധതി 2021 -22 സാമ്പത്തിക വർഷവും തുടരുന്നതിന തീരുമാനിച്ചിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ പദ്ധതി നടപ്പ് സാമ്പത്തിക വർഷം തുടരുന്നതിനും ആയത്തിലേക്കായി 50 ലക്ഷം രൂപ 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

* അപേക്ഷകർ ട്രാൻസ്ജെൻഡർ ഐ ഡി കാർഡ് ഉള്ളവരായിരിക്കണം

- അപേക്ഷകർ 18 മുതൽ 55 വയസിന് മദ്ധ്യേ പ്രായമുള്ളവരായിരിക്കണം
- വ്യക്തിഗത / ഗ്രൂപ്പ് ഇനങ്ങൾക്കാണ് വായ്പ അനുവദിക്കുക
- തൊഴിൽ പരിചയം ഉള്ളവർക്കും പരിശീലനം ലഭിച്ചവർക്കും വായ്പ അനുവദിക്കുന്നതിന് മുൻഗണന നൽകുന്നതാണ്
- അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം
- നിലവിൽ ജോലിയോ മറ്റു വരുമാനമാർഗങ്ങളോ ഉള്ളവർ വായ്പക്ക് അർഹരല്ല
- വായ്പ പദ്ധതിക്ക് 6 മാസത്തെ മോറട്ടോറിയം ആണ് നൽകുന്നത്
- സംരംഭത്തിനായി ആവശ്യമുള്ള തുകയുടെ 5 % അപേക്ഷകൻ വഹിക്കേണ്ടതും 95 % വകുപ്പിൽ നിന്നും വായ്പ്പയായി അനുവദിക്കുന്നതുമാണ്
- അപേക്ഷകൾ സ്വീകരിക്കുന്നത് വനിതാ വികസന കോർപറേഷൻ മുഖേനയാണ്
- അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറും കേരള വനിതാവികസന കോർപറേഷൻ എംഡിയും ഉൾപ്പെടുന്ന സ്ക്രൂട്ടനിംഗ് കമ്മിറ്റി പരിശോധിച്ച് പരിഗണനാർഹമായവ അംഗീകരിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതുമാണ്

2) സാമൂഹ്യനീതി ഡയറക്ടറുടെ പ്രൊപ്പോസൽ 09/12/2021 -ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇനം 21 ആയി പരിഗണിച്ച് പരാമർശം 6 പ്രകാരം അംഗീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപറേഷൻ മുഖേന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം തുടരുന്നതിനും ആയത്തിലേക്കായി 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ ) മാത്രം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I/5147730/2022

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sreekala S
Joint Secretary

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
മാനേജിങ് ഡയറക്ടർ സംസ്ഥാന വനിതാ വികസന കോർപറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം,
തിരുവനന്തപുരം.
സാമൂഹ്യനീതി (സി) വകുപ്പ്.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ